GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/09/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ (എ.ബി.എം) പ്രോഗ്രാമിലെ 2026-27 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 09 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in വെബ്സൈറ്റ് സന്ദർശിക്കുകയോ 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.
2. മൃഗസംരക്ഷണ പരിശീലനം കേന്ദ്രം ആലുവയുടെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയുവായി ബന്ധപ്പെട്ട ദ്വിദിന

പരിശീലന പരിപാടി സെപ്റ്റംബർ 08, 09 തീയതികളിൽ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കർഷകർ സെപ്റ്റംബർ 05 ന് മുൻപായി 9495026103 എന്ന നമ്പറിൽ ബന്ധപ്പെട്ട് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

3. സംസ്ഥാനത്ത് 2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയതായി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത അർഹരായ എല്ലാ കർഷകർക്കും സെപ്റ്റംബർ 5-നകം AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കാം.
4. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ

സെന്ററർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യു കൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 1.04.2026 ൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/ ബയോളജി/ ബോട്ടണി വിഷയങ്ങളോടെ പ്ലസ്ടു / വി.എച്ച്.എസ്.ഇ പാസ്സായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്. ഈ സർട്ടിഫൈഡ് കോഴ്സിൽ തൊഴിൽ സാധ്യതയുള്ള, സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യൂകൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ ഉള്ള പ്രായോഗിക പരിശീലനം നൽകുന്നു. ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന ഈ കോഴ്സിന് ഫീസ് 4500/- രൂപ ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500/- രൂപ സ്റ്റൈഫന്റോട് കൂടി മൂന്ന് മാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിംഗും നൽകുന്നതാണ്. അപേക്ഷഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 09/09/2026 വൈകിട്ട് 4.30 മണി തിരഞ്ഞെടുത്ത അപേക്ഷകരുടെ

ലിസ്റ്റ് 15.09.2026 ന് പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറുമാസ ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യൂ കൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ, ബയോളജി, ബോട്ടണി വിഷയങ്ങളിലേതെങ്കിലും പഠിച്ച് പ്ലസ് ടു/വി.എച്ച്.എസ്.ഇ വിജയിച്ച, 2026 ഏപ്രിൽ ഒന്നിന് 35 വയസിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ കോഴ്സിനും ബാധകമാണ്.

മൂന്ന് മാസം പരിശീലനവും തുടർന്ന് മൂന്ന് മാസം അപ്രന്റിസ്ഷിപ്പും ഉൾപ്പെടുന്നതാണ് കോഴ്സ്. ടിഷ്യൂ കൾച്ചർ, നഴ്സറി മാനേജ്മെന്റ് തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായകമായ പ്രായോഗിക പരിശീലനമാണ് കോഴ്സിലൂടെ നൽകുന്നത്. ഒരു ബാച്ചിൽ പരമാവധി 20 പേർക്കാണ് പ്രവേശനം. കോഴ്സ് ഫീസ് 4,500 രൂപയാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മൂന്ന് മാസത്തെ അപ്രന്റിസ്ഷിപ്പ് പരിശീലനവും ലഭിക്കും. അപ്രന്റിസ്ഷിപ്പ് കാലയളവിൽ പ്രതിമാസം 1,500 രൂപ സ്റ്റൈപന്റ് നൽകുന്നതാണ്.

അപേക്ഷാ ഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.gov.in ൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: സെപ്റ്റംബർ 9 വൈകിട്ട് 4.30 വരെ. തിരഞ്ഞെടുത്ത അപേക്ഷകരുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി: സെപ്റ്റംബർ 15, 2026 കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.